കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ
കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org

തീയതി :24.05.2023

## പത്രക്കുറിപ്പ്

## കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ച കരട് താരിഫ് ഭേദഗതി റഗുലേഷൻസ് 2023മായി ബന്ധപ്പെട്ട് 2023 മേയ് 24ലെ, (മാതൃഭൂമി) പത്രവാർത്തയുടെ വിശദീകരണകുറിപ്പ്.

കമ്മീഷൻ ലൈസൻസികളുടെ കാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് പ്ലാൻ അംഗീകാരത്തിനുള്ള എല്ലാ അപേക്ഷകളിലും പൊതുതെളിവെടുപ്പ് നടത്തി സൂക്ഷ്മ പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമേ അന്തിമ തീരുമാനമെടുക്കുകയുള്ളൂ. കമ്മീഷൻ ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് താരിഫ് റഗുലേഷൻസ് 2023ൽ പൊതുതെളിവെടുപ്പ് ഒഴിവാക്കുന്നതിനുള്ള ഒരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിച്ച കാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് പ്ലാൻ കമ്മീഷന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി വരുകയാണ്. അതിന്മേലുള്ള തെളിവെടുപ്പ് ഉടൻ തന്നെ നടത്തുന്നു.

കരട് ഭേദഗതി ചട്ടങ്ങൾ 2023 ഏപ്രിൽ 26ന് കമ്മീഷൻ പ്രസിദ്ധീകരിക്കുകയും, പ്രസ്തുത ചട്ടങ്ങളിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുവാനായി പൊതുജനങ്ങൾക്കും, സ്റ്റേക്ക് ഹോൾഡേഴ്സിനും 30 ദിവസത്തെ സമയം അനുവദിച്ചിട്ടുണ്ട്. ചട്ടങ്ങൾ അന്തിമമാക്കുന്നതിന് മുന്നോടിയായി 2023 മേയ് 24ന് പൊതുതെളിവെടുപ്പ് നടക്കുന്ന വിവരം 2023 മേയ് 5-ൽ തന്നെ കമ്മീഷന്റെ വെബ്സൈറ്റിൽ

പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിന്മേലുള്ള പൊതുതെളിവെടുപ്പിനെ കുറിച്ചുള്ള അറിയിപ്പ് 2023 മേയ് 20ൽ പത്രക്കുറിപ്പായി നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ 29.12.2022ന് പ്രസിദ്ധീകരിച്ച ഇലക്ട്രിസിറ്റി അമൻമെന്റ് റൂൾസ്, 2022ന്റെ റൂൾ 14 പ്രകാരവും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 23.11.2022ലെ (സിവിൽ അപ്പീൽ നമ്പർ 1933 ഓഫ് 2022) ജഡ്ജ്മെന്റിന്റെയും അടിസ്ഥാനത്തിലാണ് പ്രധാനമായും നിലവിലുള്ള താരിഫ് ചട്ടങ്ങൾ ഭേദഗതി ചെയ്യാനായി കമ്മീഷൻ കരട് പ്രസിദ്ധീകരിച്ചത്. കേന്ദ്ര ചട്ടങ്ങളുടെയും സുപ്രീം കോടതി വിധിയുടെയും അടിസ്ഥാന ത്തിൽ, സംസ്ഥാന ചട്ടങ്ങൾ സമയബന്ധിതമായി ഭേദഗതി ചെയ്യാൻ കമ്മീഷൻ ബാധ്യസ്ഥമാണ്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ കരട് താരിഫ് റഗുലേഷൻസ് ഒന്നാം ഭേദഗതി ചട്ടങ്ങൾ, 2023 പ്രസിദ്ധീകരിച്ചതും അതിന്മേലുള്ള പൊതുതെളിവെടു പ്പിന്റെ തീയതി തീരുമാനിക്കുകയും ചെയ്തത്. വസ്തുതകളുടെ അടിസ്ഥാനത്തിൽ കരട് താരിഫ് ഭേദഗതി റഗുലേഷൻസ് 2023മായി ബന്ധപ്പെട്ട് നൽകിയ 2023 മേയ് 24ലെ പത്രവാർത്ത വസ്തുതാ വിരുദ്ധമാണ്.

**സെക്രട്ടറി**

D:\Data Backup\CONSULTANT ENGG\2023\PRESS RELEASE - CAPITAL INVESTMENT PLAN DT 24.05.2023.docx